# പഞ്ചാരക്കുഞ്ചു

കുഞ്ചിയമ്മയ്ക്കഞ്ചു മക്കളാണേ
അഞ്ചാമൻ ഓമനക്കുഞ്ചുവാണേ

പഞ്ചാര വിറ്റു നടന്നു കുഞ്ചു
പഞ്ചാരക്കുഞ്ചുവെന്നു പേരുവന്നു.

വഞ്ചിയിൽ പഞ്ചാരച്ചാക്കുവെച്ചു
തുഞ്ചത്തിരുന്നു തുഴഞ്ഞു കുഞ്ചു

പഞ്ചാര തിന്നു മടുത്തു കുഞ്ചു
ഇഞ്ചി കടിച്ചു രസിച്ചു കുഞ്ചു.

കുഞ്ചിയമ്മയ്ക്കഞ്ചു മക്കളാണേ
അഞ്ചാമൻ പഞ്ചാരക്കുഞ്ചുവാണേ

